**വിവരാവകാശം / മറുപടി**

നമ്പർ: E4-1132/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 30.1.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

**P.S. KAMAL**
PALAPARAMBIL HOUSE
KUZHIKATTUKONAM
MADAYIKONAM P.O
IRINJALAKUDA- 680712.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച് -

സൂചന: താങ്കളുടെ 16.1.18ലെ അപേക്ഷ.

2005ലെ വിവരാവകാശ നിയമ പ്രകാരം താങ്കളാവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ്-30, വാച്ച്മാൻ - 8 എന്നിങ്ങനെ ആകെ 38 ലാസ്റ്റ് ഗ്രേഡ് തസ്തികകൾ തൃശ്ശൂർ ജില്ലയിൽ നിലവിലുണ്ട്.

   നൈറ്റ് വാച്ച്മാൻ, ഫുൾടൈം നൈറ്റ് വാച്ച്മാൻ, ലാസ്കർ, വെഹിക്കിൾ ക്ലീനർ, ഗേറ്റ് കീപ്പർ, പ്യൂൺ കം വാച്ച്മാൻ ഗ്രേഡ് II, ചൗക്കീദാർ എന്നീ തസ്തികകൾ സാമൂഹ്യനീതി വകുപ്പിൽ നിലവിലില്ല.
2. സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ നിലവിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവില്ല.
3. സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ നിലവിൽ LD ക്ലർക്ക് തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെ ഇല്ല.
4. നിലവിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ വാച്ച്മാൻ തസ്തികയിൽ ഒരു ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുണ്ട്. ആയത് 20.1.18ലെ ഇ4-97/18 നം. കത്തു പ്രകാരം പി.എസ്.സി സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൽ നിലവിൽ ക്ലർക്ക് തസ്തികയിൽ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ നീക്കിവച്ചിട്ടില്ല.
5. സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ 2017 മെയ് 1 മുതൽ 2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്, LD ക്ലാർക്ക് എന്നീ തസ്തികകളിൽ ഉദ്യോഗക്കയറ്റം, വിരമിക്കൽ എന്നിവ മുഖേന ഒഴിവുകളുണ്ടായിട്ടില്ല. മേൽ കാലയളവിൽ തൃശ്ശൂർ ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ വിരമിക്കൽ മുഖേനയുള്ള രണ്ട് ഒഴിവുകൾ ഉൾപ്പെടെ മൂന്ന് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി 3 ഒഴിവുകൾ PSCയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

*db@18*

6. സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ പ്രൊമോഷൻ മുഖേന എൽ.ഡി.ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ ഒഴിവ് വന്നിട്ടില്ല.
7. 2018 മാർച്ച് 31നുള്ളിൽ തൃശ്ശൂർ ജില്ലയിൽ LGS തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ ഇല്ല. പ്രൊമോഷൻ തസ്തികകളിൽ നിന്ന് വിരമിക്കൽ ഉണ്ടാകുമ്പോൾ LD ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ ഏത് ജില്ലയിലാണ് എന്ന് കണക്കാക്കാനാവില്ല. സംസ്ഥാനതല സീനിയോറിറ്റിയിൽ ഉണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുമ്പോൾ ജില്ലാടിസ്ഥാനത്തിൽ റിപ്പോർട്ടു ചെയ്യേണ്ട ഒഴിവുകൾ ഏത് ജില്ലയിലാണ് ഉണ്ടാവുക എന്ന് മുൻകൂട്ടി നിശ്ചയിക്കുവാൻ കഴിയില്ല.

8. സാമൂഹ്യനീതി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്, LD ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ കാലതാമസം കൂടാതെ PSCയ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നു.

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ല എങ്കിൽ അപ്പീൽ അധികാരിയായ ശ്രീമതി.കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്. രാജീവ്കുമാർ**
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്

db@18



FCD
3/1/18